(ഡി) കണക്കു തിട്ടപ്പെടുത്തിയിട്ടില്ലാത്തതിനാൽ ചിലവായ തുക യെന്തെന്നു് പറയുവാൻ നിവൃത്തിയില്ല.

(ഈ) കോഴിക്കുഴി അതാറിട്ടിയാണു് ഇതിന്റെ ഉത്തരവാദിത്വം വഹിച്ചതു്.

Unstarred question posted for answer on 3rd March 1951

TUBE WELL BORING

128. [5] **Sri. M. I. Paul:** Will the Hon'ble Minister for Public Works and Communications, be pleased to state.—

whether the operation of the tube well boring in Nayarambalam is continued; f not, why?

Chief Minister **(Sri. C. Kesavan):**

No. The present boring equipment is not sufficient to bore deeper in rock. Hence the work has been stopped. There is also no necessity to continue the boring operation, in view of the proposals to extend the supply of Alwaye Water to the northern littoral tracts by laying pipe-line via Parur and Vadakekkara.

Unstarred question posted for answer on 5—3—1951

മദ്യനിരോധനം

ക്വസ്റ്റ്യൻ (൨) ശ്രീമതി ദേവകീഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസ്സു് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ക്വസ്റ്റ്യൻ ൫൦-ലെ ദ്വിതീയ വർഷപാതത്തിൽ തിരു-കൊച്ചി സംസ്ഥാനത്തു് എത്ര മദ്യനിരോധനക്കേസ്സുകളും വാഹനങ്ങളും പിടിച്ചിട്ടുണ്ടെന്നു പറയുമോ;

(ബി) അവരിൽ ഉദ്യോഗസ്ഥന്മാർ എത്ര; അനുദ്യോഗസ്ഥന്മാർ എത്ര?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ൯൪ കേസ്സുകളും.

(ബി) ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചു് ൭ കേസ്സുകളും. അനുദ്യോഗസ്ഥന്മാരെ സംബന്ധിച്ചു് ൮൭ കേസ്സുകളും.

Unstarred question posted for answer on 7th March 1951

COMPENSATION FROM CENTRAL GOVERNMENT

130. [8] **Sri. N. P. Verghese:** Will the Hon'ble Minister for Finance and Revenue be pleased to state.—

(*a*) the total amount of Revenue lost by the State due to the accession to the Indian Union;

(*b*) the total amount of Revenue appropriated by the Centre on the following items: (1) duty on exports and imports (2) Income Tax;

(*c*) the amount the Central Government are paying to the State as compensation;

(*d*) whether any amount is paid by the Centre as food subsidy; if so how much?

Minister for Finance, Law and Revenue **(Sri. A. J. John):**

The following figures have been arrived at provisionally:—

(*a*) Rs. 366·32 lakhs.

(*b*) (1) Rs. 93·00 lakhs.

(2) Rs. 206·74 lakhs.

LIBRARY ARCHIVES Kerala Legislative Assembly

(c) The Government of India have guaranteed the re-imbursement to this State, of a sum of Rs. 307·57 lakhs, in each of the 3 years 1950-51, 1951-52 and 1952-53; Rs. 282·23 lakhs in each of the years 1953-54 and 1954-55, and thereafter of amounts tapering down to Rs. 222·80 lakhs for the 10th year, *viz.*, 1959-60.

(d) With the Federal Financial Integration, the State became eligible for a subsidy of 75 per cent of the loss incurred on the sale of rice imported from outside, from the Government of India. Later on, however, the Government of India have revised their food subsidy scheme and only an amount of Rs. 150 lakhs is now offered for the year 1951. The matter has not been finally settled. An enhanced subsidy for food is expected.

ചവറ ആശുപത്രി

൧൩൫ (൧൫) ശ്രീ. ഇ. ഗോപാലൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

ചവറ ആശുപത്രിയിലെ മെഡിക്കൽ ആഫീസറെപ്പറ്റി പരാതികൾ ലഭിച്ചിട്ടുണ്ടോ?

ധനകാര്യവും, റവന്യൂവും, നിയമവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ): ലഭിച്ചിട്ടുണ്ട്.

Unstarred questions posted for answer on 10th March 1951

ശിക്ഷണനടപടി

൧൩൬ (൪) ശ്രീ. ജി. എ. ലോപ്പസ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മരാമത്തു വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൽ ജീവനക്കാരെ ശിക്ഷിക്കുന്നതു സംബന്ധിച്ചുള്ള നടപടി, ശിക്ഷയുടെ തോതു് ഇവ നിശ്ചയിച്ചു എതെങ്കിലും റൂൾസ് ഉണ്ടായിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ജീവനക്കാരെ ശിക്ഷിക്കുന്നതു സംബന്ധിച്ചു നടപടികൾക്കു് റൂളുണ്ട്.

Unstarred questions posted for answer on 14th March 1951

ഫുഡ് പ്രൊഡക്ഷൻ കമ്മിറ്റി

൧൩൭ (൧) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) നെയ്യാറ്റിൻകര താലൂക്കു് ഫുഡ് പ്രൊഡക്ഷൻ കമ്മറ്റി സമാരംഭിച്ചതിനുശേഷം ഓരോ വർഷവും കർഷകരിൽ നിന്നും എത്ര പെറ്റീഷൻസ് കിട്ടിയിട്ടുണ്ടു്;

(ബി) അവയിൽ ഓരോ വർഷവും കമ്മറ്റി ചർച്ചചെയ്തു് ഗവൺമെൻറിലേക്കു് റക്കമെൻറ് ചെയ്തിട്ടുള്ളവ എത്ര;

(സി) അവയിൽ എത്രയെണ്ണം സാങ്ഷൻ ചെയ്തിട്ടുണ്ടു്; സാങ്ഷൻ ചെയ്തിട്ടുള്ളതിൽ എത്രയെണ്ണം നടപ്പിൽ വരുത്തിയിട്ടുണ്ടു്?

വിദ്യാഭ്യാസവും ഭക്ഷ്യവും, തൊഴിലും, വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കമ്മറ്റി സമാരംഭിച്ചതിനുശേഷം ഇതുവരെ ആകെ ൨൪൦ അപേക്ഷകൾ കിട്ടിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly